251

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ട്രേഡ് യൂണിയൻ ആക്റ്റ്, 1926

(1926-ലെ 16)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

© കേന്ദ്രഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ട്രേഡ്‌യൂണിയൻ ആക്‌റ്റ്, 1926

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം


വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്‌തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.

അദ്ധ്യായം II

ട്രേഡ്‌യൂണിയനുകളുടെ രജിസ്‌ട്രേഷൻ

3. രജിസ്‌ട്രാർമാരുടെ നിയമനം.
4. രജിസ്‌ട്രേഷൻ സംപ്രദായം.
5. രജിസ്‌ട്രേഷനുള്ള അപേക്‌ഷ.
6. ട്രേഡ്‌യൂണിയൻെറ ചട്ടങ്ങളിൽ അടങ്ങിയിരിക്കേണ്ട വ്യവസ്‌ഥകൾ.
7. കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാനും പേര് ഭേദപ്പെടുത്താൻ ആവശ്യപ്പെടാനും ഉള്ള അധികാരം.
8. രജിസ്‌ട്രേഷൻ.
9. രജിസ്‌ട്രേഷൻ സർട്ടിഫിക്കററ്.
10. രജിസ്‌ട്രേഷൻ റദ്ദാക്കൽ.
11. അപ്പീൽ.
12. രജിസ്‌ട്രേഡ് ആഫീസ്.
13. രജിസ്‌ട്രേഡ് ട്രേഡ്‌യൂണിയനുകളുടെ ഏകാംഗീകരണം.
14. ചില ആക്‌ററുകൾ രജിസ്‌ട്രേഡ് ട്രേഡ്‌യൂണിയനുകൾക്ക് ബാധകമല്ലെന്ന്.

അദ്ധ്യായം III

രജിസ്‌ട്രേഡ് ട്രേഡ്‌യൂണിയനുകളുടെ അവകാശങ്ങളും ബാദ്ധ്യതകളും

15. പൊതു പണം ഏത് കാര്യങ്ങൾക്കായി ചെലവാക്കാമെന്ന്.
16. രാഷ്‌ട്രീയാവശ്യങ്ങൾക്കായി ഒരു പ്രത്യേക ഫണ്ട് ഏർപ്പെടുത്തൽ.
17. വ്യവസായത്തർക്കങ്ങളിൽ കുററകരമായ ഗൂഢാലോചന.
18. ചില സംഗതികളിൽ സിവിൽ വ്യവഹാരത്തിൽനിന്നുള്ള ഉൻമുക്‌തി.
19. കരാറുകൾ പ്രാവർത്തികമാക്കാവുന്നത്.
20. ട്രേഡ്‌യൂണിയൻെറ ബുക്കുകൾ പരിശോധിക്കാനുള്ള അധികാരം.

21. ട്രേഡ്‌യൂണിയനുകളുടെ അംഗത്വത്തിന് മൈനർമാർക്കുള്ള അവകാശങ്ങൾ.
21 ക. ട്രേഡ്‌യൂണിയനുകളുടെ ഭാരവാഹികളുടെ അയോഗ്യതകൾ.
22. വ്യവസായവുമായി ബന്ധപ്പെട്ടിരിക്കേണ്ട ഭാരവാഹികളുടെ അനുപാതം.
23. പേരുമാററം.
24. ട്രേഡ്‌യൂണിയനുകളുടെ സംയോജനം.
25. പേരുമാററത്തിൻേറയോ സംയോജനത്തിൻേറയോ നോട്ടീസ്.
26. പേരുമാററത്തിൻേറയും സംയോജനത്തിൻേറയും ഫലങ്ങൾ.
27. വിഘടനം.
28. റിട്ടേണുകൾ.

## അദ്ധ്യായം IV

### റഗുലേഷനുകൾ

29. റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.
30. റഗുലേഷനുകൾ പ്രസിദ്ധപ്പെടുത്തുന്നത്.

## അദ്ധ്യായം V

### ദണ്ഡനങ്ങളും നടപടിക്രമവും

31. റിട്ടേണുകൾ സമർപ്പിക്കാതിരിക്കൽ.
32. ട്രേഡ്‌യൂണിയനുകൾ സംബന്ധിച്ച് വ്യാജമായ വിവരം നല്കൽ.
33. കുററങ്ങൾ നടപടിക്കെടുക്കൽ.

# ട്രേഡ് യൂണിയൻ ആക്റ്റ്, 1926

(1926-ലെ 16-ാം നമ്പർ ആക്റ്റ്)

[1926 മാർച്ച്, 25]

ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്യുന്നതിനും ചില കാര്യങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ട്രേഡ്‌യൂണിയനുകളെ സംബന്ധിച്ച നിയമം നിർവ്വചിക്കുന്നതിനുമുള്ള ആക്റ്റ്.

ട്രേഡു യൂണിയനുകൾ രജിസ്റ്റർ ചെയ്യുന്നതിനു വ്യവസ്ഥ ചെയ്യുകയും ചില കാര്യങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ട്രേഡ് യൂണിയനുകളെ സംബന്ധിച്ച നിയമം നിർവ്വചിക്കുകയും ചെയ്യുന്നതു സമീചീനമായിരിക്കുകയാൽ; ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന്, ട്രേഡ് യൂണിയൻ ആക്റ്റ്, 1926 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ "സമുചിത ഗവൺമെൻറ്" എന്നാൽ, ഒരു ഒററ പ്രവിശ്യയിലേക്കായി പരിമിതിപ്പെടുത്തിയിട്ടുള്ളതല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയ ട്രേഡ്‌യൂണിയനുകളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് എന്നും, മററു ട്രേഡ്‌യൂണിയനുകളെ സംബന്ധിച്ച്, പ്രവിശ്യാ ഗവൺമെൻറ് എന്നും അർത്ഥമാകുന്നതും; വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം—

(ക) "എക്സിക്യൂട്ടീവ്" എന്നാൽ, ഒരു ട്രേഡ്‌യൂണിയൻെറ കാര്യങ്ങളുടെ മാനേജ്മെൻറ് ഭരമേല്പിക്കപ്പെട്ടിട്ടുള്ള നികായം, അതിന് എന്തു പേർ പറഞ്ഞാലും, എന്നർത്ഥമാകുന്നതും;

(ഖ) "ഭാരവാഹി"യിൽ, ഒരു ട്രേഡ് യൂണിയൻ സംബന്ധിച്ച്, അതിലെ എക്സിക്യൂട്ടീവിലെ ഏതെങ്കിലും അംഗം ഉൾപ്പെടുന്നതും എന്നാൽ ഒരു ആഡിററർ ഉൾപ്പെടാത്തതും;

(ഗ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നതും;

(ഘ) "രജിസ്റ്റേറഡ് ആഫീസ്" എന്നാൽ, ഒരു ട്രേഡ് യൂണിയൻെറ ഏത് ആഫീസാണോ ഈ ആക്റ്റിൻകീഴിൽ ഹെഡ് ആഫീസ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ളത്, ആ ആഫീസ് എന്നർത്ഥമാകുന്നതും;

(ങ) "രജിസ്റ്റേറഡ് ട്രേഡ് യൂണിയൻ" എന്നാൽ, ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രേഡ്‌യൂണിയൻ എന്നർത്ഥമാകുന്നതും;

(ച) "രജിസ്ട്രാർ" എന്നാൽ,—

(i) ട്രേഡ് യൂണിയനുകളുടെ, 3-ാം വകുപ്പിൻ കീഴിൽ സമുചിത ഗവൺമെൻറ് നിയമിക്കുന്ന ഒരു രജിസ്ട്രാർ എന്ന് അർത്ഥമാകുന്നതും,

അതിൽ ട്രേഡ് യൂണിയനുകളുടെ ഏതെങ്കിലും അഡീഷണൽ രജിസ്ട്രാറോ ഡെപ്യൂട്ടി രജിസ്ട്രാറോ ഉൾപ്പെടുന്നതും,

(ii) ഏതെങ്കിലും ട്രേഡ് യൂണിയൻ സംബന്ധിച്ച്, അതതുസംഗതി പോലെ, ആ ട്രേഡ്യൂണിയന്റെ ഹെഡ് ആഫീസോ രജിസ്റ്റേറഡ് ആഫീസോ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റിലേക്ക് നിയമിക്കപ്പെട്ടിട്ടുള്ള രജിസ്ട്രാർ എന്ന് അർത്ഥമാകുന്നതും;

(ഛ) "വ്യാപാരത്തർക്കം" എന്നാൽ, നിയോജകൻമാരും തൊഴിലാളികളും തമ്മിലോ, അല്ലെങ്കിൽ തൊഴിലാളികളും തൊഴിലാളികളും തമ്മിലോ, അല്ലെങ്കിൽ നിയോജകൻമാരും നിയോജകൻമാരും തമ്മിലോ ഉള്ളതും, ഏതെങ്കിലും ആളുടെ നിയോജനത്തോടോ അനിയോജനത്തോടോ നിയോജന നിബന്ധനകളോടോ തൊഴിലിനുള്ള നിബന്ധനകളോടോ ബന്ധപ്പെട്ടിട്ടുള്ളതും ആയ ഏതെങ്കിലും തർക്കം എന്നർത്ഥമാകുന്നതും, 'തൊഴിലാളി' എന്നാൽ, വ്യാപാരത്തിലോ വ്യവസായത്തിലോ നിയോജിക്കപ്പെടുന്ന എല്ലാ ആളുകളും, അവർ ഏതു നിയോജകനുമായാണോ വ്യാപാരത്തർക്കം ഉണ്ടാകുന്നത്, ആ നിയോജകന്റെ നിയോജനത്തിലായാലും അല്ലെങ്കിലും, എന്നർത്ഥമാകുന്നതും;

(ജ) 'ട്രേഡ് യൂണിയൻ' എന്നാൽ, പ്രഥമമായി തൊഴിലാളികളും നിയോജകൻമാരും തമ്മിലോ, തൊഴിലാളികളും തൊഴിലാളികളും തമ്മിലോ, നിയോജകൻമാരും നിയോജകൻമാരും തമ്മിലോ ഉള്ള ബന്ധങ്ങൾ ക്രമപ്പെടുത്തുകയോ, അല്ലെങ്കിൽ ഏതെങ്കിലും വ്യാപാരത്തിന്റേയോ ബിസിനസ്സിന്റേയോ നടത്തിപ്പിൻമേൽ, പരിമിതിപ്പെടുത്തുന്ന നിബന്ധനകൾ ചുമത്തുകയോ ചെയ്യുന്നതിനുവേണ്ടി രൂപവൽക്കരിക്കുന്ന ഏതെങ്കിലും കൂട്ടുകെട്ട്, അതു താൽക്കാലികമോ സ്ഥിരമോ ആയാലും, എന്നർത്ഥമാകുന്നതും, അതിൽ രണ്ടോ അതിലധികമോ ട്രേഡ് യൂണിയനുകളുടെ ഏതെങ്കിലും ഫെഡറേഷൻ ഉൾപ്പെടുന്നതും ആകുന്നു;

എന്നാൽ ഈ ആക്റ്റ്—

(i) പങ്കാളികൾ തമ്മിലുള്ള അവരുടെ സ്വന്തം ബിസിനസ്സിനെ സംബന്ധിച്ച ഏതെങ്കിലും കരാറിനേയോ,

(ii) ഒരു നിയോജകനും, അയാൾ നിയോജിക്കുന്നവരും തമ്മിൽ അങ്ങനെയുള്ള നിയോജനം സംബന്ധിച്ചുള്ള ഏതെങ്കിലും കരാറിനേയോ;

(iii) ഒരു ബിസിനസ്സിന്റെ ഗുഡ്വിൽ വില്ക്കുന്നതിന്നോ, ഏതെങ്കിലും വൃത്തിക്കോ വ്യാപാരത്തിന്നോ കൈത്തൊഴിലിന്നോ ഉള്ള ബോധനത്തിന്നോ, പ്രതിഫലമായുള്ള ഏതെങ്കിലും കരാറിനേയോ,

ബാധിക്കുന്നതല്ല.

## അദ്ധ്യായം II

## ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ

3. രജിസ്ട്രാർമാരുടെ നിയമനം.—(1) സമുചിത ഗവൺമെൻറ്, ഓരോ സ്റ്റേററിനും ട്രേഡ്യൂണിയനുകളുടെ രജിസ്ട്രാറായി ഒരാളെ നിയമിക്കേണ്ടതാകുന്നു.

(2) സമുചിതഗവൺമെൻറിന്, രജിസ്ട്രാറുടെ മേലന്വേഷണത്തിനും നിദേശത്തിനും കീഴിൽ, ഈ ആക്റ്റിൻകീഴിൽ രജിസ്ട്രാറുടെ, സമുചിത ഗവൺമെൻറ് ഉത്തരവുവഴി വിനിർദ്ദേശിക്കുന്ന അധികാരങ്ങളും ചുമതലകളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതിനുവേണ്ടി, അതിന് ഉചിതമെന്ന് തോന്നുന്നത്ര അഡീഷണൽ രജിസ്ട്രാർമാരേയും ഡെപ്യൂട്ടി രജിസ്ട്രാർ

മാരേയും നിയമിക്കുകയും, അങ്ങനെയുള്ള ഏതെങ്കിലും അഡീഷണൽ രജിസ്ട്രാറോ ഡെപ്യൂട്ടി രജിസ്ട്രാറോ അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടത് ഏതു തദ്ദേശാതിർത്തികൾക്കുള്ളിലാണെന്ന് നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അഡീഷണൽ രജിസ്ട്രാറോ ഡെപ്യൂട്ടി രജിസ്ട്രാറോ ഒരു രജിസ്ട്രാറുടെ അധികാരങ്ങളും ചുമതലകളും, ഒരു ട്രേഡ് യൂണിയന്റെ രജിസ്റേറഡ് ആഫീസ് സ്ഥിതി ചെയ്യുന്ന പ്രദേശത്തിനുള്ളിൽ പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നിടത്ത്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ആ അഡീഷണൽ രജിസ്ട്രാറോ ഡെപ്യൂട്ടി രജിസ്ട്രാറോ ആ ട്രേഡ് യൂണിയൻ സംബന്ധിച്ച് രജിസ്ട്രാറായി കരുതപ്പെടുന്നതാകുന്നു.

4. <u>രജിസ്ട്രേഷൻ സമ്പ്രദായം</u>.—(1) ഒരു ട്രേഡ്‌യൂണിയനിലെ ഏതെങ്കിലും ഏഴോ അതിലധികമോ അംഗങ്ങൾക്ക്, ട്രേഡ്‌യൂണിയന്റെ ചട്ടങ്ങളിൽ അവരുടെ ഒപ്പു വച്ചും, രജിസ്ട്രേഷൻ സംബന്ധിച്ച ഈ ആക്റ്റിലെ വ്യവസ്ഥകൾ മററുവിധത്തിൽ അനുസരിച്ചുകൊണ്ടും ഈ ആക്റ്റിൻകീഴിൽ ട്രേഡ് യൂണിയന്റെ രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു ട്രേഡ് യൂണിയന്റെ രജിസ്ട്രേഷന് അപേക്ഷ കൊടുത്തിട്ടുള്ളിടത്ത്, അപേക്ഷത്തീയതിക്കുശേഷവും, എന്നാൽ ട്രേഡ്‌യൂണിയന്റെ രജിസ്ട്രേഷനുമുമ്പുമുള്ള ഏതെങ്കിലുംസമയത്ത് അപേക്ഷകരിൽ, അപേക്ഷ കൊടുത്തിട്ടുള്ള ആളുകളുടെ ആകെ എണ്ണത്തിന്റെ പകുതിയിൽ കവിയാത്ത കുറച്ചുപേർ ട്രേഡ് യൂണിയന്റെ അംഗങ്ങളല്ലാതായിത്തീരുകയോ, അല്ലെങ്കിൽ അപേക്ഷയിൽനിന്ന് തങ്ങളുടെ ബന്ധം വിടുത്തിക്കൊണ്ട് രജിസ്ട്രാർക്ക് ലിഖിതമായ നോട്ടീസ് കൊടുക്കുകയോ ചെയ്തിട്ടുണ്ടെന്ന വസ്തുത കാരണമായി മാത്രം, അങ്ങനെയുള്ള അപേക്ഷ അസാധുവായിത്തീർന്നതായി കരുതപ്പെടുന്നതല്ല.

5. <u>രജിസ്ട്രേഷനുള്ള അപേക്ഷ</u>.—(1) ഒരു ട്രേഡ് യൂണിയന്റെ രജിസ്ട്രേഷനുള്ള ഏതൊരു അപേക്ഷയും രജിസ്ട്രാർക്ക് കൊടുക്കേണ്ടതും, അതോടൊപ്പം ട്രേഡ് യൂണിയന്റെ ചട്ടങ്ങളുടെ ഒരു പകർപ്പും, താഴെ പറയുന്ന, അതായത്,—

(ക) അപേക്ഷ കൊടുക്കുന്ന അംഗങ്ങളുടെ പേരും തൊഴിലും മേൽവിലാസവും;

(ഖ) ട്രേഡ് യൂണിയന്റെ പേരും അതിന്റെ ഹെഡ് ആഫീസിന്റെ മേൽവിലാസവും;

(ഗ) ട്രേഡ് യൂണിയന്റെ ഭാരവാഹികളുടെ ഉദ്യോഗപ്പേരും പേരും വയസ്സും മേൽവിലാസവും തൊഴിലും എന്നീ വിവരങ്ങളുടെ ഒരു സ്റേററ്മെന്റും ഉണ്ടായിരിക്കേണ്ടതും ആകുന്നു.

(2) ഒരു ട്രേഡ്‌യൂണിയൻ, അതിന്റെ രജിസ്ട്രേഷനുള്ള അപേക്ഷ കൊടുക്കുന്നതിനുമുമ്പ്, ഒരു വർഷത്തിലധികമായി നിലവിലുള്ളതായിരിക്കുന്നിടത്ത്, രജിസ്ട്രാർക്ക് അപേക്ഷയോടൊപ്പം, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ തയ്യാറാക്കിയതും, നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങിയതുമായ, ട്രേഡ് യൂണിയന്റെ ആസ്തികളുടേയും ബാദ്ധ്യതകളുടേയും സാമാന്യമായ ഒരു സ്റേററ്മെന്റ്, നല്കേണ്ടതാകുന്നു.

6. **ട്രേഡ്‌യൂണിയന്റെ ചട്ടങ്ങളിൽ അടങ്ങിയിരിക്കേണ്ട വ്യവസ്ഥകൾ.**—ഒരു ട്രേഡ്‌യൂണിയന്, അതിന്റെ എക്സിക്യൂട്ടീവ്, ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഏർപ്പെടുത്തിയതായിരിക്കുകയും അതിന്റെ ചട്ടങ്ങൾ താഴെ പറയുന്ന വിഷയങ്ങൾക്ക്, അതായത്—

(ക) ട്രേഡ്‌യൂണിയന്റെ പേർ;

(ഖ) ട്രേഡ് യൂണിയൻ സ്ഥാപിച്ചിട്ടുള്ളതിന്റെ ലക്ഷ്യങ്ങൾ മുഴുവനും;

(ഗ) ട്രേഡ്‌യൂണിയന്റെ പൊതു പണം വിനിയോഗിക്കാവുന്ന ആവശ്യങ്ങൾ മുഴുവനും—ആ ആവശ്യങ്ങൾ എല്ലാം, അങ്ങനെയുള്ള പണം ഈ ആക്റ്റിൻ കീഴിൻ നിയമാനുസൃതമായി വിനിയോഗിക്കാവുന്ന ആവശ്യങ്ങളായിരിക്കേണ്ടതാണ്;

(ഘ) ട്രേഡ് യൂണിയന്റെ അംഗങ്ങളുടെ ഒരു ലിസ്റ്റ് വച്ചുപോരുന്നതും, അത് ട്രേഡ്‌യൂണിയന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും പരിശോധിക്കാൻ പര്യാപ്തമായ സൗകര്യങ്ങളും;

(ങ) സാധാരണ അംഗങ്ങളെ ചേർക്കലും—അവർ ട്രേഡ്‌യൂണിയൻ ബന്ധപ്പെട്ടിരിക്കുന്ന വ്യവസായത്തിൽ യഥാർത്ഥമായി ഏർപ്പെട്ടിരിക്കുകയോ നിയോജിക്കപ്പെട്ടിരിക്കുകയോ ചെയ്യുന്നവരായിരിക്കേണ്ടതാണ്—ട്രേഡ്‌യൂണിയന്റെ എക്സിക്യൂട്ടീവ് രൂപവൽക്കരിക്കാൻ 22-ാം വകുപ്പിൻകീഴിൽ വേണ്ടത്ര ആണററിയോ താൽക്കാലികമോ ആയ അംഗങ്ങളെ ഭാരവാഹികളായി ചേർക്കലും;

(ങ ങ) ട്രേഡ്‌യൂണിയനിലെ അംഗങ്ങൾ വരിസംഖ്യ കൊടുക്കുന്നത്—അത് അംഗമൊന്നിന് പ്രതിമാസം ഇരുപത്തഞ്ച് പൈസയിൽ കുറയാത്തതായിരിക്കേണ്ടതാണ്;

(ച) ഏത് ഉപാധികൾക്കു കീഴിലാണോ ഏതെങ്കിലും അംഗത്തിന് ചട്ടങ്ങൾ ഉറപ്പു കൊടുക്കുന്ന ഏതെങ്കിലും ആനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുകയും അംഗങ്ങളുടെമേൽ ഏതെങ്കിലും പിഴയോ അവകാശനഷ്ടമോ ചുമത്താവുന്നതായിരിക്കുകയും ചെയ്യുന്നത്, ആ ഉപാധികൾ;

(ഛ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയോ, വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യേണ്ട രീതി;

(ജ) എക്സിക്യൂട്ടീവിന്റെ അംഗങ്ങളേയും ട്രേഡ്‌യൂണിയന്റെ മററ് ഭാരവാഹികളേയും നിയമിക്കുകയും നീക്കം ചെയ്യുകയും ചെയ്യേണ്ട രീതി;

(ത്ധ) ട്രേഡ്‌യൂണിയന്റെ പണത്തിന്റെ സുരക്ഷിതമായ കസ്റ്റഡിയും, അതിന്റെ കണക്കുകളുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള വാർഷിക ആഡിററും, ട്രേഡ്‌യൂണിയന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും കണക്കു ബുക്കുകൾ പരിശോധിക്കാൻ പര്യാപ്തമായ സൗകര്യങ്ങളും,

(ഞ) ട്രേഡ്‌യൂണിയൻ വിഘടനം ചെയ്യാവുന്ന രീതി,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യുകയും ചെയ്യാത്തപക്ഷം, ഈ ആക്റ്റിൻ കീഴിൽ രജിസ്ട്രേഷന് അവകാശമുണ്ടായിരിക്കുന്നതല്ല.

7. **കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാനും പേര് ഭേദപ്പെടുത്താൻ ആവശ്യപ്പെടാനും ഉള്ള അധികാരം.**—(1) രജിസ്ട്രാർക്ക്, ഏതെങ്കിലും അപേക്ഷ, 5-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നുണ്ടെന്നോ അല്ലെങ്കിൽ ട്രേഡ്‌യൂണിയന് 6-ാം വകുപ്പിൻകീഴിൽ രജിസ്ട്രേഷന് അവകാശമുണ്ടെന്നോ സ്വയം ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ വിവരം ആവശ്യപ്പെടുകയും, അങ്ങനെയുള്ള വിവരം നല്കുന്നതുവരെ, ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുകയും ചെയ്യാവുന്നതാണ്.

(2) ഒരു ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പേര്, നിലവിലുള്ള മററ് ഏതെങ്കിലും ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പേരുതന്നെ ആയിരിക്കുകയോ, അല്ലെങ്കിൽ അതിനോട് രജിസ്ട്രാറുടെ അഭിപ്രായത്തിൽ പൊതുജനങ്ങളെയോ ഇരു ട്രേഡ്‌യൂണിയനുകളിൽ ഏതിന്റേയെങ്കിലും അംഗങ്ങളേയോ കബളിപ്പിക്കാനിടയുള്ളത്ര അടുത്തു വരത്തക്കവിധം സദൃശമായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, രജിസ്ട്രാർ, രജിസ്ട്രേഷന് അപേക്ഷിക്കുന്ന ആളുകളോട്, അപേക്ഷയിൽ കൊടുത്തിട്ടുള്ള ട്രേഡ്‌യൂണിയന്റെ പേര് ഭേദപ്പെടുത്താൻ ആവശ്യപ്പെടുകയും, അങ്ങനെ ഭേദപ്പെടുത്തുന്നതുവരെ ആ യൂണിയൻ രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുകയും ചെയ്യേണ്ടതാകുന്നു.

8. <u>രജിസ്ട്രേഷൻ.</u>—ട്രേഡ്‌യൂണിയൻ, രജിസ്ട്രേഷൻ സംബന്ധിച്ച് ഈ ആക്ററ് പ്രകാരം വേണ്ടതെല്ലാം അനുസരിച്ചിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുന്നതിൻമേൽ, രജിസ്ട്രാർ, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ വച്ചുപോരേണ്ട ഒരു രജിസ്ററിൽ, രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പമുള്ള സ്റേറററ്മെൻറിൽ അടങ്ങിയ ആ ട്രേഡ്‌യൂണിയൻ സംബന്ധിച്ച വിവരങ്ങൾ, ചേർക്കുന്നതുവഴി ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

9. <u>രജിസ്ട്രേഷൻ സർട്ടിഫിക്കററ്.</u>—8-ാം വകുപ്പിൻ കീഴിൽ ഒരു ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിൻമേൽ രജിസ്ട്രാർ, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ, ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കററ് നല്കേണ്ടതും, അത്, ആ ട്രേഡ്‌യൂണിയൻ ഈ ആക്ററിൻകീഴിൽ മുറപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ളതിന് നിശ്ചായകമായ തെളിവായിരിക്കുന്നതുമാണ്.

10. <u>രജിസ്ട്രേഷൻ റദ്ദാക്കൽ.</u>—രജിസ്ട്രാർക്ക്, ഒരു ട്രേഡ്‌യൂണിയന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കററ്—

(ക) ട്രേഡ്‌യൂണിയന്റെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സത്യബോധപ്പെടുത്തേണ്ട അപേക്ഷയിൻമേലോ, അല്ലെങ്കിൽ

(ഖ) ആ സർട്ടിഫിക്കററ് വഞ്ചനവഴിയോ തെററുവഴിയോ ലഭിച്ചിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ ട്രേഡ്‌യൂണിയൻ നിലവിലില്ലാതാവുകയോ, ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥ മനഃപൂർവ്വവും രജിസ്ട്രാറിൽ നിന്നുള്ള നോട്ടീസ്സിനുശേഷവും ഉല്ലംഘിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയോട് അസംഗതമായ ഏതെങ്കിലും ചട്ടം പ്രാബല്യത്തിൽ തുടരാൻ അനുവദിക്കുകയോ 6-ാം വകുപ്പുപ്രകാരം വ്യവസ്ഥ വേണ്ടതായ ഏതെങ്കിലും വിഷയത്തിനു വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ചട്ടം റദ്ദാക്കുകയോ ചെയ്തിട്ടുണ്ടെന്നോ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിലോ,

പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, ട്രേഡ്‌യൂണിയന്റെ അപേക്ഷയിൻമേലല്ലാതെ, സർട്ടിഫിക്കററ് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനുമുൻപ്, രജിസ്ട്രാർ, ഏതു കാരണത്തിൻമേലാണോ സർട്ടിഫിക്കററ് പിൻവലിക്കുകയോ, റദ്ദാക്കുകയോ ചെയ്യാനുദ്ദേശിക്കുന്നത്, ആ കാരണം വിനിർദ്ദേശിച്ചുകൊണ്ട് ട്രേഡ്‌യൂണിയന് രണ്ടുമാസത്തിൽ കുറയാത്ത, ലിഖിതമായതും മുൻകൂട്ടിയുള്ളതുമായ നോട്ടീസ് നല്കേണ്ടതാകുന്നു.

11. <u>അപ്പീൽ.</u>—(1) ഒരു ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യാനുള്ള രജിസ്ട്രാറുടെ ഏതെങ്കിലും വിസമ്മതത്താലോ രജിസ്ട്രേഷൻ സർട്ടിഫിക്കററ് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനാലോ സങ്കടക്കാരനായ ഏതെങ്കിലും ആരാൾക്ക് നിർണ്ണയിക്കപ്പെടുന്ന കാലത്തിനുള്ളിൽ,—

(ക) ട്രേഡ്‌യൂണിയന്റെ ഹെഡ് ആഫീസ് ഒരു പ്രസിഡൻസി ടൗണിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നിടത്ത്, ഹൈക്കോടതിക്കോ, അല്ലെങ്കിൽ

(ഖ) ഹെഡ് ആഫീസ് മറേറതെങ്കിലും പ്രദേശത്ത് സ്ഥിതിചെയ്യുന്നിടത്ത്, സമുചിതഗവൺമെൻറ് ആ പ്രദേശത്തേയ്ക്ക് ഇതിലേയ്ക്കായി നിയമിക്കുന്നതും ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽക്കോടതിയിലെ ഒരു അഡീഷണൽ ജഡ്ജിയുടേയോ അസിസ്റ്റൻറ് ജഡ്ജിയുടേയോ കോടതിക്ക് താഴെയല്ലാത്തതുമായ കോടതിക്കോ,

അപ്പീൽ കൊടുക്കാവുന്നതാണ്.

(2) അപ്പീൽകോടതിക്ക്, അപ്പീൽ തള്ളിക്കളയുകയോ, അല്ലെങ്കിൽ, അതതു സംഗതിപോലെ, യൂണിയൻ രജിസ്ററർ ചെയ്യുകയും 9-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററ് നല്കുകയും ചെയ്യാൻ രജിസ്ട്രാറോട് നിദേശിക്കുന്നതോ സർട്ടിഫിക്കററ് പിൻവലിക്കുകയോ, റദ്ദാക്കുകയോ ചെയ്യുന്നതിനുള്ള ഉത്തരവ് ദുർബലപ്പെടുത്തുന്നതോ ആയ ഒരു ഉത്തരവ് പാസ്സാക്കുകയോ ചെയ്യാവുന്നതും, രജിസ്ട്രാർ ആ ഉത്തരവ് അനുസരിക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിലെ അപ്പീലിന്റെ ആവശ്യത്തിന്, അപ്പീൽ കോടതി, ആകുന്നത്ര, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ അത് അനുവർത്തിക്കുന്ന അതേ നടപടിക്രമം അനുവർത്തിക്കേണ്ടതും, അപ്രകാരം വിചാരണ ചെയ്യുമ്പോൾ ഉണ്ടായിരിക്കുന്ന അതേ അധികാരങ്ങൾ അതിന് ഉണ്ടായിരിക്കുന്നതും അപ്പീലിന്റെ കോടതിച്ചെലവ് മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ആരാണ് കൊടുക്കേണ്ടതെന്ന് അതിന് നിദേശിക്കാവുന്നതും, അങ്ങനെയുള്ള കോടതിച്ചെലവ് മുൻപറഞ്ഞ സംഹിതയിൻകീഴിൽ ഒരു വ്യവഹാരത്തിൽ വിധിച്ചിരുന്നതായിരുന്നാലെന്നപോലെ വസൂലാക്കപ്പെടേണ്ടതും ആകുന്നു.

(4) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും കോടതി, ഒരു അപ്പീൽ തള്ളിക്കളയുന്നപക്ഷം സങ്കടക്കാരന് ഹൈക്കോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, ഹൈക്കോടതിക്ക്, അങ്ങനെയുള്ള അപ്പീലിന്റെ ആവശ്യത്തിന്, (2)-ം (3)-ം ഉപവകുപ്പിൻകീഴിലുള്ള ഒരു അപ്പീൽകോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, ആ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ബാധകമാകുന്നതുമാണ്.

12. രജിസ്റ്റ്രേഡ് ആഫീസ്.—ഒരു രജിസ്റ്റ്രേഡ് ട്രേഡ് യൂണിയനുള്ള എല്ലാ അറിയിപ്പുകളും നോട്ടീസുകളും, അതിന്റെ രജിസ്റ്റ്രേഡ് ആഫീസിന്റെ മേൽവിലാസത്തിൽ ആകാവുന്നതാണ്. ഹെഡ് ആഫീസിന്റെ മേൽവിലാസത്തിലുള്ള ഏതെങ്കിലും മാററത്തെക്കുറിച്ചുള്ള നോട്ടീസ്, അങ്ങനെയുള്ള മാററം മുതൽ പതിന്നാലു ദിവസത്തിനുള്ളിൽ രജിസ്ട്രാർക്ക് ലിഖിതമായി നല്കേണ്ടതും, മാറിയ മേൽവിലാസം 8-ാം വകുപ്പിൽ പരാമർശിച്ച രജിസ്ററിൽ റിക്കാർഡാക്കപ്പെടേണ്ടതുമാകുന്നു.

13. രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ ഏകാംഗീകരണം.—ഏതൊരു രജിസ്ട്രേഡ് ട്രേഡ് യൂണിയനും, അത് രജിസ്ററർ ചെയ്യപ്പെടുന്നത് ഏത് പേരിൻകീഴിലാണോ, ആ പേരുള്ള ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും, അതിന് ജംഗമവും സ്ഥാവരവും ആയ വസ്തുക്കൾ ആർജ്ജിക്കുകയും ധാരണം ചെയ്യുകയും ചെയ്യാനും കാൺട്രാക്ററ് ചെയ്യാനുമുള്ള അധികാരത്തോടുകൂടി ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായി

രിക്കേണ്ടതും, അത് വ്യവഹരിക്കുകയും അതിന് എതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നത് മുൻപറഞ്ഞ പേരിൽ ആയിരിക്കേണ്ടതും ആണ്.

14. ചില ആക്റ്റുകൾ രജിസ്ട്രേഡ് ട്രേഡുയൂണിയനുകൾക്ക് ബാധകമല്ലെന്ന്.—താഴെപ്പറയുന്ന ആക്റ്റുകൾ, അതായത്,—

(ക) സംഘരജിസ്ട്രേഷൻ ആക്റ്റ്, 1860 (1860–ലെ 21);

(ഖ) സഹകരണസംഘങ്ങൾ ആക്റ്റ്, 1912 (1912–ലെ 2);

(ഗ) കമ്പനി ആക്റ്റ്, 1956 (1956–ലെ 1);

ഏതെങ്കിലും രജിസ്ട്രേഡ് ട്രേഡ്യൂണിയന് ബാധകമാകുന്നതല്ലാത്തതും, ഏതെങ്കിലും ട്രേഡ് യൂണിയന്റെ അങ്ങനെയുള്ള ഏതെങ്കിലും ആക്റ്റിൻ കീഴിലുള്ള രജിസ്ട്രേഷൻ ശൂന്യമായിരിക്കുന്നതുമാണ്.

## അദ്ധ്യായം III

## രജിസ്ട്രേഡ് ട്രേഡ്യൂണിയനുകളുടെ അവകാശങ്ങളും ബാദ്ധ്യതകളും

15. പൊതുപണം ഏതു കാര്യങ്ങൾക്കായി ചെലവാക്കാമെന്ന്.— ഒരു രജിസ്ട്രേഡ് ട്രേഡ്യൂണിയന്റെ പൊതുപണം താഴെപ്പറയുന്ന അതായത്,—

(ക) ട്രേഡ്യൂണിയന്റെ ഭാരവാഹികൾക്ക് ശമ്പളവും, ബത്തകളും, ചെലവുകളും കൊടുക്കൽ;

(ഖ) ട്രേഡ്യൂണിയന്റെ പൊതുപണത്തിന്റെ കണക്കിന്റെ ആഡിററ് ഉൾപ്പെടെ, ട്രേഡ്യൂണിയന്റെ ഭരണത്തിനുള്ള ചെലവുകൾ കൊടുക്കൽ;

(ഗ) ട്രേഡ്യൂണിയനോ അതിന്റെ ഏതെങ്കിലും അംഗമോ കക്ഷിയായ ഏതെങ്കിലും നിയമനടപടിയുടെ പ്രാസിക്യൂഷനോ പ്രതിവാദമോ ഏല്ക്കുന്നത്, ട്രേഡ്യൂണിയന്റെ ആ നിലയ്ക്കുള്ള ഏതെങ്കിലും അവകാശങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും അംഗത്തിന് അയാളുടെ നിയോജകനുമായോ ആ അംഗം നിയോജിക്കുന്ന ഒരാളുമായോ ഉള്ള ബന്ധങ്ങളിൽനിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും അവകാശങ്ങളോ ഉറപ്പുവരുത്തുന്നതിനോ രക്ഷിക്കുന്നതിനോ വേണ്ടി ആയിരിക്കുമ്പോൾ, അങ്ങനെയുള്ള പ്രാസിക്യൂഷൻ അല്ലെങ്കിൽ പ്രതിവാദം;

(ഘ) ട്രേഡ്യൂണിയനുവേണ്ടിയോ അതിന്റെ ഏതെങ്കിലും അംഗത്തിനുവേണ്ടിയോ ഉള്ള, വ്യാപാരത്തർക്കങ്ങളുടെ നടത്തിപ്പ്;

(ങ) വ്യാപാരത്തർക്കങ്ങളിൽനിന്നുദ്ഭവിക്കുന്ന നഷ്ടത്തിന് അംഗങ്ങൾക്കുള്ള നഷ്ടപരിഹാരം;

(ച) അംഗങ്ങളുടെ മരണമോ, വാർദ്ധക്യമോ, രോഗമോ, അപകടങ്ങളോ, തൊഴിലില്ലായ്മയോ കാരണമായി, അങ്ങനെയുള്ള അംഗങ്ങൾക്കോ അവരുടെ ആശ്രിതർക്കോ ഉള്ള ബത്തകൾ;

(ഛ) അംഗങ്ങളുടെ ജീവൻ അഷ്വർ ചെയ്യുന്ന പോളിസികളോ അംഗങ്ങളെ രോഗത്തിന്നോ, അപകടത്തിന്നോ, തൊഴിലില്ലായ്മയ്ക്കോ എതിരായി ഇൻഷ്വർ ചെയ്യുന്ന പോളിസികളോ നല്കുകയോ, അങ്ങനെയുള്ള പോളിസികൾക്ക് കീഴിൽ ബാദ്ധ്യത ഏല്ക്കുകയോ ചെയ്യൽ;

(ജ) (മരിച്ചുപോയ അംഗങ്ങളുടെ ശവസംസ്കാര അടിയന്തരങ്ങളുടേയോ, മതപരമായ അടിയന്തരങ്ങളുടേയോ ചെലവുകൾ കൊടുക്കുന്നതുൾപ്പെടെ) അംഗങ്ങൾക്കോ അംഗങ്ങളുടെ ആശ്രിതർക്കോ വിദ്യാഭ്യാസപരമോ സാമൂഹ്യമോ മതപരമോ ആയ ആനുകൂല്യങ്ങൾ നല്കൽ;

(ത്ധ) മുഖ്യമായും നിയോജകൻമാരേയോ തൊഴിലാളികളേയോ ആ നിലയിൽ ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി പ്രസിദ്ധപ്പെടുത്തുന്ന ഒരു ആനുകാലിക പത്രികയുടെ സംരക്ഷണം;

(ഞ) ട്രേഡ്‌യൂണിയന്റെ പൊതുപണം ചെലവാക്കാവുന്ന കാര്യങ്ങളിൽ ഏതെങ്കിലും പുരോഗമിപ്പിക്കുന്നതിൽ തൊഴിലാളികൾക്ക് സാമാന്യമായി ഗുണം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും കാര്യത്തിനുള്ള അംശദായം കൊടുക്കൽ—

എന്നാൽ, ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ അങ്ങനെയുള്ള അംശദായം സംബന്ധിച്ച ചെലവ് ആ വർഷത്തിലെ ഏതെങ്കിലും സമയത്ത് ആ വർഷത്തിൽ ആ സമയംവരെ ട്രേഡ്‌യൂണിയന്റെ പൊതുപണത്തിലേയ്ക്ക് സിദ്ധിച്ചിട്ടുള്ള മൊത്തം ആദായവും, ആ വർഷത്തിന്റെ പ്രാരംഭത്തിൽ ആ പണത്തിലുള്ള വരവുബാക്കിയും ചേർന്നുള്ള ആകെത്തുകയുടെ നാലിലൊന്നിൽ കവിയാൻ പാടുള്ളതല്ല;—

(ട) സമുചിതഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന മററതെങ്കിലും കാര്യം, വിജ്ഞാപനത്തിൽ അടങ്ങിയ ഏതെങ്കിലും ഉപാധികൾക്ക് വിധേയമായി,

എന്നീ കാര്യങ്ങളല്ലാത്ത ഏതെങ്കിലും കാര്യങ്ങൾക്കായി ചെലവാക്കാൻ പാടുള്ളതല്ല.

16. രാഷ്ട്രീയാവശ്യങ്ങൾക്കായി ഒരു പ്രത്യേക ഫണ്ട് ഏർപ്പെടുത്തൽ.—(1) ഒരു രജിസ്റ്റേറഡ് ട്രേഡ്‌യൂണിയന് ഒരു പ്രത്യേക ഫണ്ട്, ആ ഫണ്ടിലേയ്ക്ക് പ്രത്യേകമായി ലെവി ചെയ്യുന്നതോ നല്കുന്നതോ ആയ അംശദായത്തിൽ നിന്ന് ഏർപ്പെടുത്താവുന്നതും, ആ ഫണ്ടിൽനിന്ന് രണ്ടാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന കാര്യങ്ങളിൽ ഏതെങ്കിലും പുരോഗമിപ്പിക്കുന്നതിൽ, ആ ട്രേഡ്‌യൂണിയനിലെ അംഗങ്ങളുടെ പൗര താത്പര്യങ്ങളും രാഷ്ട്രീയ താത്പര്യങ്ങളും പുലർത്തുന്നതിനായി പണം കൊടുക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച കാര്യങ്ങൾ—

(ക) ഭരണഘടനയ്ക്കു കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിയമനിർമ്മാണ നികായത്തിന്റേയോ, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റേയോ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള സ്ഥാനാർത്ഥിക്കോ ഭാവി സ്ഥാനാർത്ഥിക്കോ, തന്റെ സ്ഥാനാർത്ഥിത്വമോ തിരഞ്ഞെടുപ്പോ സംബന്ധിച്ച് തിരഞ്ഞെടുപ്പിനു മുമ്പോ തിരഞ്ഞെടുപ്പുകാലത്തോ തിരഞ്ഞെടുപ്പിനുശേഷമോ, നേരിട്ടോ അല്ലാതെയോ നേരിടുന്ന ഏതെങ്കിലും ചെലവുകൾ കൊടുക്കുന്നതോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും സ്ഥാനാർത്ഥിക്കോ ഭാവിസ്ഥാനാർത്ഥിക്കോ അനുകൂലമായി ഏതെങ്കിലും യോഗംനടത്തുകയോ, ഏതെങ്കിലും സാഹിത്യമോ രേഖകളോ വിതരണം ചെയ്യുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(ഗ) ഭരണഘടനയ്ക്കു കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിയമനിർമ്മാണനികായത്തിന്റേയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റേയോ ഒരംഗമായ ഏതെങ്കിലും ആളുടെ സംരക്ഷണമോ; അല്ലെങ്കിൽ

(ഘ) ഭരണഘടനയ്ക്ക് കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിയമനിർമ്മാണനികായത്തിലേയ്ക്കോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിലേയ്ക്കോ എലക്ററർമാരെ രജിസ്ററർ ചെയ്യുകയോ; സ്ഥാനാർത്ഥിയെ വരണം ചെയ്യുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(ങ) ഏതെങ്കിലും തരം രാഷ്ട്രീയ യോഗങ്ങൾ നടത്തുന്നതോ, ഏതെങ്കിലും തരം രാഷ്ട്രീയ സാഹിത്യമോ രാഷ്ട്രീയ രേഖകളോ വിതരണം ചെയ്യുന്നതോ,

ആകുന്നു.

(2ക) (2)-ാം ഉപവകുപ്പ് ജമ്മു-കാശ്മീർ സ്റ്റേററിന് ബാധകമാകുന്നതിൽ, ഭരണഘടനയ്ക്കു കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിയമനിർമ്മാണനികായത്തെക്കുറിച്ചുള്ള അതിലെ പരാമർശങ്ങൾക്ക്, ആ സ്റ്റേററിലെ നിയമനിർമ്മാണമണ്ഡലത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

(3) യാതൊരു അംഗത്തേയും (1)-ാം ഉപവകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ഫണ്ടിലേക്ക് അംശദായം ചെയ്യാൻ നിർബന്ധിക്കാൻ പാടില്ലാത്തതും, മുൻപറഞ്ഞ ഫണ്ടിലേക്ക് അംശദായം ചെയ്യാത്ത ഒരു അംഗത്തിനെ ട്രേഡ്‌യൂണിയന്റെ ഏതെങ്കിലും ആനുകൂല്യങ്ങളിൽനിന്ന് ഒഴിച്ചുനിറുത്തുകയോ മുൻപറഞ്ഞ ഫണ്ടിലേക്ക് അംശദായം ചെയ്തിട്ടില്ലെന്ന കാരണത്താൽ അയാൾക്ക് ട്രേഡ്‌യൂണിയന്റെ മററ് അംഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നേരിട്ടോ അല്ലാതേയോ (മുൻപറഞ്ഞ ഫണ്ടിന്റെ നിയന്ത്രണമോ മാനേജ്മെന്റോ സംബന്ധിച്ചല്ലാതെ) ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും അവശതയോ പ്രാതികൂല്യമോ ഉണ്ടായിരിക്കുകയോ ചെയ്യാൻ പാടില്ലാത്തതും; മുൻപറഞ്ഞ ഫണ്ടിലേക്കുള്ള അംശദായം ട്രേഡ്‌യൂണിയനിൽ ചേർക്കുന്നതിനുള്ള ഒരു ഉപാധിയാക്കാൻ പാടില്ലാത്തതും ആകുന്നു.

17. വ്യാപാരത്തർക്കങ്ങളിൽ കുററകരമായ ഗൂഢാലോചന.— ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയനിലെ യാതൊരു ഭാരവാഹിയും, അല്ലെങ്കിൽ അംഗവും ആ ട്രേഡ്‌യൂണിയന്റെ 15-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന വിധമുള്ള ഏതെങ്കിലും കാര്യങ്ങൾ പുരോഗമിപ്പിക്കുന്നതിനുവേണ്ടി അംഗങ്ങൾ തമ്മിൽ ഉണ്ടാക്കിയ ഏതെങ്കിലും കരാർ സംബന്ധിച്ച്, അത് ഒരു കുററം ചെയ്യാനുള്ള കരാർ അല്ലാത്തപക്ഷം, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 120 ഖ വകുപ്പ്, (2)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷാർഹനായിരിക്കുന്നതല്ല.

18. ചില സംഗതികളിൽ സിവിൽ വ്യവഹാരത്തിൽനിന്നുള്ള ഉൻമുക്തി.— (1) ഏതെങ്കിലും രജിസ്റ്റേർഡ് ട്രേഡ്‌യൂണിയന്നോ, അതിന്റെ ഏതെങ്കിലും ഭാരവാഹിക്കോ അംഗത്തിന്നോ എതിരായി, ട്രേഡ്‌യൂണിയന്റെ ഒരംഗം കക്ഷിയായ ഒരു വ്യാപാരത്തർക്കം ഉണ്ടാകുമെന്ന് വിചാരിച്ചുകൊണ്ടോ, അത് പുരോഗമിക്കുന്നതിലോ ചെയ്യുന്ന ഏതെങ്കിലും കൃത്യം സംബന്ധിച്ച്, അങ്ങനെയുള്ള കൃത്യം, ഒരു നിയോജന കാൺട്രാക്റ്റ് ലംഘിക്കാൻ മറെറാരാളെ ചോദിപ്പിക്കുന്നുവെന്നോ, അല്ലെങ്കിൽ മറെറാരാളുടെ വ്യാപാരത്തിലോ ബിസിനസ്സിലോ നിയോജനത്തിലോ, അല്ലെങ്കിൽ മറെറാരാൾക്ക് തന്റെ മൂലധനമോ അദ്ധ്വാനമോ തന്റെ ഇച്ഛാനുസരണം വിനിയോഗിക്കാനുള്ള അവകാശത്തിലോ ഇടപ്പെടുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ മാത്രം, യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമ നടപടിയും ഏതെങ്കിലും സിവിൽ കോടതിയിൽ നിലനില്ക്കുന്നതായിരിക്കുന്നതല്ല.

(2) ഒരു വ്യാപാരത്തർക്കം ഉണ്ടാകുമെന്ന് വിചാരിച്ചുകൊണ്ടോ, അത് പുരോഗമിപ്പിക്കുന്നതിലോ ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയന്റെ ഒരു ഏജൻറ് ചെയ്യുന്ന ഏതെങ്കിലും അപകൃത്യം സംബന്ധിച്ച്, അങ്ങനെയുള്ള ആൾ, ട്രേഡ്‌യൂണിയന്റെ എക്സിക്യൂട്ടീവിന്റെ അറിവു കൂടാതെയോ, അതു, നല്കിയ പ്രകടമായ ആദേശങ്ങൾക്ക് വിപരീതമായോ ആണ് പ്രവർത്തിച്ചതെന്ന് തെളിയിക്കപ്പെടുന്നുവെങ്കിൽ, ആ ട്രേഡ്‌യൂണിയന് ഏതെങ്കിലും സിവിൽ കോടതി

യിൽ, ഏതെങ്കിലും വ്യവഹാരത്തിലോ മററു നിയമനടപടിയിലോ ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

19. <u>കരാറുകൾ പ്രാവർത്തികമാവുന്നത്</u>.—തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയന്റെ അംഗങ്ങൾ തമ്മിലുള്ള ഒരു കരാർ, അതിലെ ലക്ഷ്യങ്ങളിൽ ഏതെങ്കിലും വ്യാപാരം തടസ്സപ്പെടുത്തുന്നതാണെന്നുള്ള വസ്തുത കാരണമായി മാത്രം, ശൂന്യമോ ശൂന്യമാക്കാവുന്നതോ ആയിരിക്കുന്നതല്ല:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, ഒരു ട്രേഡ്‌യൂണിയന്റെ ഏതെങ്കിലും അംഗങ്ങൾ തങ്ങളുടെ സാമാനങ്ങൾ വില്ക്കുകയോ, വില്ക്കാതിരിക്കുകയോ, ബിസിനസ് നടത്തുകയോ നടത്താതിരിക്കുകയോ, ജോലി ചെയ്യുകയോ ചെയ്യാതിരിക്കുകയോ, നിയോജിക്കുകയോ നിയോജിക്കാതിരിക്കുകയോ, അല്ലെങ്കിൽ നിയോജിക്കപ്പെടുകയോ നിയോജിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നതിനുള്ള ഏത് ഉപാധികൾ സംബന്ധിച്ച ഏതെങ്കിലും കരാർ, പ്രാവർത്തികമാക്കുകയോ, അതിന്റെ ലംഘനത്തിന് നഷ്ടം വസൂലാക്കുകയോ ചെയ്യുകയെന്ന പ്രകടമായ ആവശ്യത്തിനായി ആരംഭിക്കുന്ന ഏതെങ്കിലും നിയമനടപടി പരിഗണനയ്ക്കെടുക്കാൻ ഏതെങ്കിലും സിവിൽ കോടതിക്ക് കഴിവുണ്ടാക്കുന്നതല്ല.

20. <u>ട്രേഡ്‌യൂണിയന്റെ ബുക്കുകൾ പരിശോധിക്കാനുള്ള അധികാരം</u>.—ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയന്റെ കണക്കുബുക്കുകളും അതിന്റെ അംഗങ്ങളുടെ ലിസ്റ്റും, ട്രേഡ്‌യൂണിയന്റെ ഒരു ഭാരവാഹിക്കോ അംഗത്തിന്നോ, ട്രേഡ്‌യൂണിയന്റെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന സമയങ്ങളിൽ പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതാകുന്നു.

21. <u>ട്രേഡ്‌യൂണിയനുകളുടെ അംഗത്വത്തിന് മൈനർമാർക്കുള്ള അവകാശങ്ങൾ</u>.—പതിനഞ്ചു വയസ്സ് തികഞ്ഞ ഏതൊരാൾക്കും, ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയനിൽ, അതിന്റെ ഏതെങ്കിലും വിപരീതമായ ചട്ടങ്ങൾക്ക് വിധേയമായി അംഗമായിരിക്കാവുന്നതും, മുൻപറഞ്ഞതുപോലെ വിധേയമായി, ഒരു അംഗത്തിന്റെ എല്ലാ അവകാശങ്ങളും അനുഭവിക്കുകയും ചട്ടങ്ങൾക്കു കീഴിൽ ഒപ്പിട്ടു പൂർത്തീകരിക്കുന്നതോ നല്കുന്നതോ ആവശ്യമായിട്ടുള്ള എല്ലാ പ്രമാണങ്ങളും ഒപ്പിട്ടു പൂർത്തീകരിക്കുകയും, എല്ലാ മുക്തിപത്രങ്ങളും നല്കുകയും ചെയ്യാവുന്നതും ആണ്.

21ക. (1) ഒരാൾ ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയന്റെ എക്സിക്യൂട്ടീവിന്റെ അംഗമോ മററ് ഏതെങ്കിലും ഭാരവാഹിയോ ആയി വരണം ചെയ്യപ്പെടാനും ആയിരിക്കാനും—

(i) അയാൾക്ക് പതിനെട്ടു വയസ്സ് തികഞ്ഞിട്ടില്ലെങ്കിലോ;

(ii) അയാൾ ഇൻഡ്യയിലെ ഏതെങ്കിലും കോടതിയിൽ, സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുകയും തടവിനു ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, അയാളെ മോചിപ്പിച്ച് അഞ്ചു വർഷം കഴിയാത്തപക്ഷമോ;

അയോഗ്യനായിരിക്കുന്നതാണ്.

(2) ഇൻഡ്യൻ ട്രേഡ്‌യൂണിയൻ (ഭേദഗതി) ആക്ററ്, 1964-ന്റെ പ്രാരംഭത്തിനു മുമ്പ് സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുകയും തടവിനു ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ള, ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയന്റെ എക്സിക്യൂട്ടീവിന്റെ ഏതെങ്കിലും അംഗമോ മററു ഭാരവാഹിയോ, അങ്ങനെയുള്ള പ്രാരംഭ

ത്തിന്റെ തീയതി, ആ തീയതിക്കുമുമ്പ് അയാളെ മോചിപ്പിച്ച് അഞ്ചുവർഷം
കഴിഞ്ഞിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള അംഗമോ ഭാരവാഹിയോ അല്ലാതായി
ത്തീരുന്നതാണ്.

(3) (2)-ാംഉപവകുപ്പ് ജമ്മു-കാശ്മീർ സ്റ്റേററിന് ബാധകമാകുന്നതിൽ
1964-ലെ ട്രേഡ്‌യൂണിയൻ (ഭേദഗതി) ആക്റ്റിന്റെ (1964-ലെ 38) പ്രാരംഭ
ത്തെക്കുറിച്ചുള്ള അതിലെ പരാമർശത്തിനു മുൻപറഞ്ഞ സ്റ്റേററിലെ ഈ
ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ട
താകുന്നു.

22. വ്യവസായവുമായി ബന്ധപ്പെട്ടിരിക്കേണ്ട ഭാരവാഹികളുടെ അനു
പാതം.—ഏതൊരു രജിസ്റ്റേഡ് ട്രേഡ്‌യൂണിയന്റേയും ഭാരവാഹികളുടെ
ആകെ എണ്ണത്തിന്റെ പകുതിയിൽ കുറയാത്തവർ ട്രേഡ്‌യൂണിയൻ ബന്ധപ്പെ
ട്ടിരിക്കുന്ന ഒരു വ്യവസായത്തിൽ യഥാർത്ഥമായി ഏർപ്പെട്ടിരിക്കുകയോ നിയോ
ജിക്കപ്പെട്ടിരിക്കുകയോ ചെയ്യുന്ന ആളുകളായിരിക്കേണ്ടതാണ്:

എന്നാൽ, സമുചിതഗവൺമെൻറിന്, പ്രത്യേകമോ സാമാന്യമോ ആയ ഉത്ത
രവുവഴി, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ട്രേഡ്‌യൂണിയനോ
ഏതെങ്കിലും ട്രേഡ്‌യൂണിയനുകൾക്കോ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധക
മാകുന്നതല്ലെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

23. പേരുമാററം.—ഏതെങ്കിലും രജിസ്റ്റേഡ് ട്രേഡ് യൂണിയന്,
അതിന്റെ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിൽ രണ്ടിലും കുറയാത്ത
വരുടെ സമ്മതത്തോടുകൂടിയും, 25-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയ
മായും, അതിന്റെ പേരു മാററാവുന്നതാണ്.

24. ട്രേഡ് യൂണിയനുകളുടെ സംയോജനം.—ഏതെങ്കിലും രണ്ടോ അതി
ലധികമോ രജിസ്റ്റേഡ് ട്രേഡ് യൂണിയനുകൾ ചേർന്ന്, അങ്ങനെയുള്ള
ട്രേഡ്‌യൂണിയനുകളുടേയോ അല്ലെങ്കിൽഅവയിൽ രണ്ടിലേതിന്റേയെങ്കിലുമോ,
ഏതിന്റേയുമെങ്കിലുമോ, വിഘടനം കൂടാതേയോ പണം വിഭജിക്കാതേയോ ഒരു
ഒററ ട്രേഡ്‌യൂണിയനായി സംയോജിതമാകാവുന്നതാണ്, എന്നാൽ, അതിന്
അങ്ങനെയുള്ള ഓരോ, അല്ലെങ്കിൽ ഏതൊരു ട്രേഡ്‌യൂണിയന്റേയും, വോട്ടു
ചെയ്യാൻ അവകാശമുള്ള അംഗങ്ങളിൽ പകുതിയുടെയെങ്കിലും വോട്ടുകൾ രേഖ
പ്പെടുത്തുകയും, രേഖപ്പെടുത്തിയ വോട്ടുകളുടെ അറുപതു ശതമാനമെങ്കിലും,
ആ നിർദ്ദേശത്തിന് അനുകൂലമായിരിക്കുകയും വേണം.

25. പേരു മാററത്തിന്റേയോ സംയോജനത്തിന്റേയോ നോട്ടീസ്.—
(1) ഏതൊരു പേരുമാററത്തിന്റേയും ഏതൊരു സംയോജനത്തിന്റേയും ലിഖിത
മായതും, പേരു മാററത്തിന്റെ സംഗതിയിൽ പേരു മാററുന്ന ട്രേഡ്‌യൂണിയന്റെ
സെക്രട്ടറിയും ഏഴ് അംഗങ്ങളും, സംയോജനത്തിന്റെ സംഗതിയിൽ അതിൽ
കക്ഷിയായ ഓരോ ട്രേഡ്‌യൂണിയന്റെയും ഏതൊരു ട്രേഡ്‌യൂണിയന്റേയും
സെക്രട്ടറിയും ഏഴ് അംഗങ്ങളും ഒപ്പുവച്ചതുമായ നോട്ടീസ് രജിസ്ട്രാർക്കും
സംയോജിത ട്രേഡ്‌യൂണിയന്റെ ഹെഡ് ആഫീസ് വ്യത്യസ്ത സ്റ്റേററിൽ
സ്ഥിതി ചെയ്യുന്നിടത്ത്, അങ്ങനെയുള്ള സ്റ്റേററിലെ രജിസ്ട്രാർക്കും
അയച്ചുകൊടുക്കേണ്ടതാകുന്നു.

(2) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പേര് നിലവിലുള്ള മറേറതെങ്കിലും
ട്രേഡ്‌യൂണിയൻ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പേരുതന്നെയായിരിക്കുകയോ,
അല്ലെങ്കിൽ അതിനോട്, രജിസ്ട്രാറുടെ അഭിപ്രായത്തിൽ, പൊതുജനങ്ങളേയോ,
ഈ ട്രേഡ്‌യൂണിയനുകളിൽ ഏതിന്റേയെങ്കിലും അംഗങ്ങളേയോ കബളിപ്പി
ക്കാൻ ഇടയുള്ളത്ര അടുത്തുവരത്തക്കവിധം സദൃശമായിരിക്കുകയോ ചെയ്യുന്നു
വെങ്കിൽ, രജിസ്ട്രാർ പേരുമാററം രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കേണ്ടതാ
കുന്നു.

(3) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തവിധമൊഴികെ രജിസ്ട്രാർ, പേരുമാററം സംബന്ധിച്ച ഈ ആക്ററിലെ വ്യവസ്ഥകൾ അനുസരിക്കപ്പെട്ടിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, ആ പേരുമാററം 8-ാം വകുപ്പിൽ പരാമർശിച്ച രജിസ്ററിൽ രജിസ്ററർ ചെയ്യേണ്ടതും, ആ പേരുമാററത്തിന്, അങ്ങനെ രജിസ്ററർ ചെയ്ത തീയതി മുതൽ പ്രഭാവം ഉണ്ടായിരിക്കുന്നതുമാണ്.

(4) സംയോജിത ട്രേഡ്‌യൂണിയന്റെ ഹെഡ് ആഫീസ് സ്ഥിതിചെയ്യുന്ന സ്റേററിലെ രജിസ്ട്രാർ, സംയോജനം സംബന്ധിച്ച ഈ ആക്ററിലെ വ്യവസ്ഥകൾ അനുസരിക്കപ്പെട്ടിട്ടുണ്ടെന്നും അതുവഴി രൂപവൽക്കരിക്കപ്പെട്ട യൂണിയന് 6-ാം വകുപ്പിൻ കീഴിൽ രജിസ്ട്രേഷന് അവകാശമുണ്ടെന്നും തനിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, ആ ട്രേഡ്‌യൂണിയൻ 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ രജിസ്ററർ ചെയ്യേണ്ടതും, ആ സംയോജനത്തിന് അങ്ങനെ രജിസ്ററർ ചെയ്ത തീയതി മുതൽ പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്.

26. പേരുമാററത്തിന്റേയും സംയോജനത്തിന്റേയും ഫലങ്ങൾ.—(1) ഒരു രജിസ്റേറഡ് ട്രേഡ്‌യൂണിയന്റെ പേരുമാററം ആ ട്രേഡ്‌യൂണിയന്റെ ഏതെങ്കിലും അവകാശങ്ങളേയോ കടപ്പാടുകളേയോ ബാധിക്കുകയോ, അല്ലെങ്കിൽ ട്രേഡ്‌യൂണിയനാലോ, ട്രേഡ്‌യൂണിയനെതിരായോ ഉള്ള ഏതെങ്കിലും നിയമനടപടി ന്യൂനതയുള്ളതാക്കിത്തീർക്കുകയോ ചെയ്യുന്നതല്ലാത്തതും, അതിന്റെ മുന്നത്തെ പേരിൽ, അതിന്നാലോ അതിനെതിരായോ തുടരുകയോ ആരംഭിക്കുകയോ ചെയ്യാമായിരുന്ന ഏതെങ്കിലും നിയമനടപടി അതിന്നാലോ അതിന്നെതിരായോ അതിന്റെ പുതിയ പേരിൽ തുടരുകയോ ആരംഭിക്കുകയോ ചെയ്യാവുന്നതുമാണ്.

(2) രണ്ടോ അതിലധികമോ രജിസ്റേറഡ് ട്രേഡ്‌യൂണിയനുകളുടെ സംയോജനം, അങ്ങനെയുള്ള ഏതെങ്കിലും ട്രേഡ്‌യൂണിയനുകളുടെ ഏതെങ്കിലും അവകാശത്തിനോ അവയിൽ ഏതിന്റേയെങ്കിലും ഉത്തമർണ്ണന്റെ ഏതെങ്കിലും അവകാശത്തിനോ ഭംഗം വരുത്തുന്നതല്ല.

27. വിഘടനം.—(1) ഒരു രജിസ്റേറഡ് ട്രേഡ്‌യൂണിയൻ വിഘടനം ചെയ്യപ്പെടുമ്പോൾ, ട്രേഡ്‌യൂണിയന്റെ ഏഴംഗങ്ങളും സെക്രട്ടറിയും ഒപ്പിട്ട വിഘടന നോട്ടീസ്, വിഘടനത്തിന് പതിന്നാലു ദിവസത്തിനുള്ളിൽ, രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും, വിഘടനം ചെയ്തിട്ടുള്ള ട്രേഡ്‌യൂണിയന്റെ ചട്ടങ്ങൾക്കനുസരിച്ചാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, രജിസ്ട്രാർ അതു രജിസ്ററർ ചെയ്യേണ്ടതും, വിഘടനത്തിന് അങ്ങനെയുള്ള രജിസ്ട്രേഷന്റെ തീയതി മുതൽ പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്.

(2) ഒരു രജിസ്റേറഡ് ട്രേഡ്‌യൂണിയന്റെ വിഘടനം രജിസ്ററർ ചെയ്യപ്പെട്ടിരിക്കുകയും, ട്രേഡ്‌യൂണിയന്റെ ചട്ടങ്ങൾ ട്രേഡ്‌യൂണിയന്റെ പണം, വിഘടനത്തിൻമേൽ വിതരണം ചെയ്യാൻ വ്യവസ്ഥ ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്, രജിസ്ട്രാർ ആ പണം അംഗങ്ങളുടെയിടയിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിഭജിക്കേണ്ടതാകുന്നു.

28. റിട്ടേണുകൾ.—(1) നിർണ്ണയിക്കപ്പെടുന്ന തീയതിക്കോ, അതിനു മുൻപോ, അങ്ങനെയുള്ള നിർണ്ണയിക്കപ്പെട്ട തീയതിക്കു തൊട്ടുമുൻപുള്ള ഡിസംബർ 31-ാം ദിവസം അവസാനിക്കുന്ന വർഷത്തിലെ ഏതൊരു രജിസ്റേറഡ് ട്രേഡ്‌യൂണിയന്റേയും എല്ലാ വരവുകളുടേയും ചെലവുകളുടേയും, ട്രേഡ്‌യൂണിയന്റെ ഡിസംബർ 31-ാം ദിവസം നിലവിലുള്ള ആസ്തികളുടേയും ബാദ്ധ്യതകളുടേയും നിർണ്ണയിക്കപ്പെട്ട രീതിയിൽ ആഡിററ് ചെയ്യപ്പെട്ട

ഒരു സാമാന്യ സ്റ്റേററ്റ്മെൻറ് വർഷംതോറും രജിസ്ട്രാർക്ക് അയച്ചുകൊടു ക്കേണ്ടതാകുന്നു. സ്റ്റേററ്റ്മെൻറ്, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ തയ്യാറാ ക്കേണ്ടതും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ ഉൾക്കൊള്ളേണ്ടതുമാണ്.

(2) സാമാന്യ സ്റ്റേററ്റ്മെൻറിനോടൊപ്പം, അത് ഏതു വർഷത്തെ സംബ ന്ധിച്ചുള്ളതാണോ, ആ വർഷത്തിൽ ട്രേഡ്‌യൂണിയൻ ചെയ്തിട്ടുള്ള ഭാരവാ ഹികളുടെ എല്ലാ മാററങ്ങളും കാണിക്കുന്ന ഒരു സ്റ്റേററ്റ്മെൻറ്, അതു രജി സ്ട്രാർക്കു അയക്കുന്ന തീയതിവരെയുള്ള തിരുത്തലുകളോടുകൂടിയ ട്രേഡ് യൂണിയൻെറ ചട്ടങ്ങളുടെ ഒരു പകർപ്പ് സഹിതം, രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതാകുന്നു.

(3) ഒരു രജിസ്റ്റേർഡ് ട്രേഡ്‌യൂണിയൻെറ ചട്ടങ്ങളിൽ വരുത്തുന്ന ഏതൊരു ഭേദപ്പെടുത്തലുകളുടേയും പകർപ്പ്, ആ ഭേദപ്പെടുത്തൽ ചെയ്തതിൻെറ പതിനഞ്ചു ദിവസത്തിനുള്ളിൽ രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

(4) (1)-ം, (2)-ം, (3)-ം ഉപവകുപ്പുകളിൽ പരാമർശിച്ച രേഖകൾ പരി ശോധിക്കുന്നതിനുവേണ്ടി, രജിസ്ട്രാർക്കോ, അല്ലെങ്കിൽ രജിസ്ട്രാർ സാമാ ന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി പ്രാധികാരം നല്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, ന്യായമായ എല്ലാ സമയങ്ങളിലും രജിസ്ട്രേഷൻ സർട്ടിഫി ക്കററും, കണക്കുബുക്കുകളും, രജിസ്ററുകളും ട്രേഡ്‌യൂണിയൻ സംബ ന്ധിച്ച മററ് രേഖകളും, അതിൻെറ രജിസ്റ്റേഡ് ആഫീസിൽവച്ചു പരിശോധി ക്കുകയോ, അല്ലെങ്കിൽ അയാൾ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന സ്ഥലത്ത് അവ ഹാജരാക്കാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതും, എന്നാൽ അങ്ങനെയുള്ള യാതൊരു സ്ഥലവും ട്രേഡ്‌യൂണിയൻെറ രജിസ്റ്റേഡ് ആഫീസിൽ നിന്ന് പത്തു മൈലിലധികം ദൂരെയാകാൻ പാടില്ലാത്തതുമാകുന്നു.

## അദ്ധ്യായം IV

## റഗുലേഷനുകൾ

29. <u>റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സമുചിത ഗവൺ മെൻറിന് ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി റഗുലേ ഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധവും, അങ്ങനെയുള്ള റഗുലേഷനുകൾക്ക് താഴെ പറയുന്ന, അതായത്,—

(ക) ട്രേഡ്‌യൂണിയനുകളും ട്രേഡ്‌യൂണിയനുകളിലെ ചട്ടങ്ങളും രജിസ്ററർ ചെയ്യേണ്ട രീതിയും, രജിസ്ററർ ചെയ്യുന്നതിൻമേൽ കൊടുക്കേണ്ട ഫീസും;

(ഖ) ഹെഡ് ആഫീസ് ഒരു സ്റ്റേററിൽ നിന്ന് മറെറാന്നിലേയ്ക്ക് മാററിയിട്ടുള്ള ഏതെങ്കിലും രജിസ്റ്റേഡ് ട്രേഡ്‌യൂണിയൻെറ സംഗതിയിൽ, രജിസ്ട്രേഷൻ മാററുന്നതും;

(ഗ) രജിസ്റ്റേഡ് യൂണിയനുകളുടേയോ അങ്ങനെയുള്ള ഏതെ ങ്കിലുംതരം യൂണിയനുകളുടേയോ, കണക്കുകൾ ആഡിററ് ചെയ്യേണ്ട രീതിയും, ആഡിററ് ചെയ്യേണ്ട ആളുകളുടെ യോഗ്യതകളും;

(ഘ) രജിസ്ട്രാർമാർ വച്ചുപോരുന്ന രേഖകളുടെ പരിശോധന അനു വദിക്കേണ്ടത് ഏതത് ഉപാധികൾക്ക് വിധേയമായാണെന്നും, അങ്ങനെയുള്ള പരിശോധനകൾ സംബന്ധിച്ച് ചുമത്താവുന്നതായിരിക്കേണ്ട ഫീസും;

(ഒ) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ ആയ ഏതെങ്കിലും വിഷയം;

എന്നീ എല്ലാ വിഷയങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ, വ്യവസ്ഥ ചെയ്യാവുന്നതാണ്.

30. റഗുലേഷനുകൾ പ്രസിദ്ധപ്പെടുത്തുന്നത്.—(1) റഗുലേഷനുകൾ ഉണ്ടാക്കാൻ 29-ാം വകുപ്പ് നല്കുന്ന അധികാരം, റഗുലേഷനുകൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷം ഉണ്ടാക്കണമെന്ന ഉപാധിക്ക് വിധേയമാണ്.

(2) ഉണ്ടാക്കാൻ നിർദ്ദേശിക്കപ്പെടുന്ന റഗുലേഷനുകളുടെ കരട് പരിഗണനക്കെടുക്കുന്നത്, ഏതു തീയതിക്ക് ശേഷമാണോ, ആ തീയതിയായി, സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ 23-ാംവകുപ്പ് (3)-ാം ഖണ്ഡം അനുസരിച്ച് വിനിർദ്ദേശിക്കേണ്ട തീയതി, നിർദ്ദേശിക്കപ്പെടുന്ന റഗുലേഷനുകളുടെ കരട് സാമാന്യമായുള്ള അറിവിനായി പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നു മാസത്തിനുള്ളിലായിരിക്കാൻ പാടുള്ളതല്ല.

(3) അപ്രകാരം ഉണ്ടാക്കുന്ന റഗുലേഷനുകൾ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ അവയ്ക്ക്, ഈ ആക്റ്റിൽ അധിനിയമം ചെയ്തിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതുമാണ്.

## അദ്ധ്യായം V

## ദണ്ഡനങ്ങളും നടപടിക്രമവും

31. റിട്ടേണുകൾ സമർപ്പിക്കാതിരിക്കൽ.—(1) ഈ ആക്റ്റിലെ ഏതെ കിലും വ്യവസ്ഥയോ, വ്യവസ്ഥയ്ക്കു കീഴിലോ ആവശ്യപ്പെടുന്ന പ്രകാരം ഏതെങ്കിലും നോട്ടീസ് നല്കുന്നതിലോ, ഏതെങ്കിലും സ്റ്റേററ്മെന്റോ മററ് രേഖയോ അയക്കുന്നതിലോ ഏതെങ്കിലും രജിസ്റേറഡ് ട്രേഡ്യൂണിയന്റെ ഭാഗത്തുനിന്ന് വീഴ്ച വരുത്തുന്നപക്ഷം, അതു നല്കുകയോ അയക്കുകയോ ചെയ്യാൻ ട്രേഡ്യൂണിയന്റെ ചട്ടങ്ങളാൽ ബാദ്ധ്യസ്ഥനായ ഏതൊരു ഭാരവാഹിയും, അല്ലെങ്കിൽ മററ് ആളും, അങ്ങനെയുള്ള ഭാരവാഹിയോ ആളോ ഇല്ലെങ്കിൽ ട്രേഡ്യൂണിയന്റെ എക്സിക്യൂട്ടീവിലെ ഏതൊരു അംഗവും അഞ്ചു രൂപയോളമാകാവുന്ന പിഴശിക്ഷയും, തുടർന്ന് വീഴ്ച വരുത്തുന്ന സംഗതിയിൽ, വീഴ്ച തുടരുന്ന ആദ്യത്തെ ആഴ്ചയ്ക്കുശേഷമുള്ള ഓരോ ആഴ്ചക്കും അഞ്ച് രൂപയോളമാകാവുന്ന കൂടുതൽ പിഴ ശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്;

എന്നാൽ ഒട്ടാകെ പിഴ അമ്പതു രൂപയിൽ കവിയാൻ പാടുള്ളതല്ല.

(2) മനഃപൂർവ്വമായി, 28-ാംവകുപ്പ് ആവശ്യപ്പെടുന്ന സാമാന്യ സ്റേററ്മെൻറിലോ, അല്ലെങ്കിൽ ആ വകുപ്പിൻകീഴിൽ രജിസ്ട്രാർക്ക് അയക്കുന്ന ചട്ടങ്ങളുടേയോ ചട്ടങ്ങളുടെ ഭേദപ്പെടുത്തലുകളുടേയോ ഏതെങ്കിലും പകർപ്പിലോ, ഏതെങ്കിലും വ്യാജമായ ഉൾക്കുറിപ്പ് ചേർക്കുകയോ, ചേർപ്പിക്കുകയോ, അല്ലെങ്കിൽ അതിൽനിന്ന് ഏതെങ്കിലും വിട്ടുകളയുകയോ വിട്ടുകളയിക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

32. ട്രേഡ് യൂണിയനുകൾ സംബന്ധിച്ച് വ്യാജമായ വിവരം നല്കൽ.—ഒരു രജിസ്റേറഡ് ട്രേഡ്യൂണിയനിലെ ഏതെങ്കിലും അംഗത്തിനോ, അങ്ങനെയുള്ള ട്രേഡ്യൂണിയനിലെ ഒരംഗമാകുന്നതിന് ഉദ്ദേശിക്കുകയോ അപേക്ഷിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്കോ, കബളിപ്പിക്കണമെന്ന ഉദ്ദേശ്യത്തോ

ടുകൂടി, ട്രേഡ്‌യൂണിയന്റെ ചട്ടങ്ങളുടേയോ അതിന്റെ ഏതെങ്കിലും ഭേദപ്പെടുത്തലുകളുടേയോ പകർപ്പായി കരുതപ്പെടാവുന്നതും, തൽസമയം പ്രാബല്യത്തിലിരിക്കുന്നവിധമുള്ള, അങ്ങനെയുള്ള ചട്ടങ്ങളുടേയോ ഭേദപ്പെടുത്തലുകളുടേയോ ശരിയായ പകർപ്പല്ലെന്ന് തനിക്കറിയാവുന്നതോ വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതെങ്കിലും രേഖ കൊടുക്കുന്ന ഏതെങ്കിലും ആളോ, അല്ലെങ്കിൽ സദൃശമായ ഉദ്ദേശ്യത്തോടുകൂടി ഒരു രജിസ്റ്റർ ചെയ്യപ്പെടാത്ത ട്രേഡ്‌യൂണിയന്റെ ഏതെങ്കിലും ചട്ടങ്ങളുടെ പകർപ്പ്, അങ്ങനെയുള്ള ചട്ടങ്ങൾ ഒരു രജിസ്റ്റേഡ് ട്രേഡ്‌യൂണിയന്റെ ചട്ടങ്ങളാണെന്ന ഭാവത്തിൽ ഏതെങ്കിലും ആൾക്ക് കൊടുക്കുന്ന ഏതെങ്കിലും ആളോ, ഇരുന്നൂറ് രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

33. <u>കുററങ്ങൾ നടപടിയെടുക്കൽ.</u>—(1) ഒരു പ്രസിഡൻസി മജിസ്ട്രേററിന്റേയോ ഒരു ഒന്നാം ക്ലാസ്സ് മജിസ്ട്രേററിന്റേയോ താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(2) ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും കുററം, അതുസംബന്ധിച്ച്, രജിസ്ട്രാറോ, രജിസ്ട്രാറുടെ മുൻ അനുമതിയോടുകൂടിയോ, അല്ലെങ്കിൽ 32-ാം വകുപ്പിൻ കീഴിലുള്ള ഒരു കുററത്തിന്റെ സംഗതിയിൽ പകർപ്പ് നല്കപ്പെട്ട ആളോ, കുററം ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പരാതി ബോധിപ്പിച്ചിട്ടില്ലാത്തപക്ഷം യാതൊരു കോടതിയും നടപടിയെടുക്കാൻ പാടുള്ളതല്ല.